©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY



| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2015 ഏപ്രിൽ 30<br>30th April 2015<br>1190 മേടം 16<br>16th Medam 1190<br>1937 വൈശാഖം 10<br>10th Vaisakha 1937 | നമ്പർ<br>No. | 1055 |



## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 146/2015/തസ്വഭവ. *തിരുവനന്തപുരം, 2015 ഏപ്രിൽ 30 / 1190 മേടം 16.*

**എസ്. ആർ. ഒ. നമ്പർ 264/2015.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡവും (2)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 1994 ഏപ്രിൽ 22-ാം തീയതിയിലെ സ.ഉ. (എംഎസ്.) 92/94/എൽ.എ.ഡി. നമ്പർ ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 479/94 ആയി പ്രസിദ്ധീകരിച്ചതുമായ IV-ാം നമ്പർ വിജ്ഞാപനം ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ടും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തോട് ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന താഴെ പട്ടികയിൽ (1)-ാം കോളത്തിൽ പറയുന്ന ജില്ലയിലെ (2)-ാം കോളത്തിൽ പറയുന്ന നഗരസ്വഭാവ

മാർജ്ജിച്ച ഗ്രാമപഞ്ചായത്തിനെ (4)-ാം കോളത്തിൽ പറയുന്ന ആസ്ഥാനമുള്ള (3)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കോർപ്പറേഷനോട് 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് സംയോജിപ്പിക്കുവാൻ കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം 2015 ജനുവരി മാസം 25-ാം തീയതിയിലെ ഇ.എം. 3/13(4)/2014/ത.സ്വ.ഭ.വ. നമ്പരായി 2015 ജനുവരി മാസം 25-ാം തീയതിയിലെ 182-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും;

പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും ;

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ഇ) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് താഴെ പട്ടികയിലെ (2)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തിനെ (1)-ാം കോളത്തിൽ പറയുന്ന ജില്ലയിൽപെട്ട (4)-ാം കോളത്തിൽ പറയുന്ന ആസ്ഥാനമുള്ള (3)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കോർപ്പറേഷനോട് 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സംയോജിപ്പിച്ചുകൊണ്ടും സംയോജനത്തിനുശേഷം (3)-ാം കോളത്തിലെ മുനിസിപ്പൽ കോർപ്പറേഷന് (5)-ാം കോളത്തിൽ പറയുന്ന അതിരുകൾ നിശ്ചയിച്ചുകൊണ്ടും കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത് :—

പട്ടിക

| ജില്ല | സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്ത് ഭൂപ്രദേശങ്ങൾ | സംയോജിപ്പിക്കപ്പെടുന്ന മുനിസിപ്പൽ കോർപ്പറേഷന്റെ പേര് | മുനിസിപ്പൽ കോർപ്പറേഷന്റെ ആസ്ഥാനം | അതിർത്തികൾ |
|---|---|---|---|---|
| കൊല്ലം | തൃക്കടവൂർ ഗ്രാമപഞ്ചായത്ത് ഭൂപ്രദേശം | കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ | കൊല്ലം | *വടക്ക്*—അഷ്ടമുടിക്കായൽ<br>*കിഴക്ക്*—തൃക്കരുവ, പനയം ഗ്രാമപഞ്ചായത്തുകൾ<br>*തെക്ക്*—മയ്യനാട് ഗ്രാമപഞ്ചായത്ത്, പരവൂർ കായൽ<br>*പടിഞ്ഞാറ്*—അറബിക്കടൽ, അഷ്ടമുടിക്കായൽ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ജെയിംസ് വർഗ്ഗീസ്,**
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ഇ) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കൊല്ലം മുനിസിപ്പൽ കോർപ്പറേഷനോട് ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന തൃക്കടവൂർ, നീണ്ടകര ഗ്രാമപഞ്ചായത്തുകളെ കൊല്ലം മുനിസിപ്പൽ കോർപ്പറേഷനോടും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനോട് ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന അടാട്ട്, കോലഴി എന്നീ ഗ്രാമപഞ്ചായത്തുകളെ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനോടും സംയോജിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 2015 ജനുവരി 25-ാം തീയതി ഇ.എം. 3/13(4)/2014/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനം 2015 ജനുവരി മാസം 25-ാം തീയതിയിലെ 182-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു . അതുപ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള തൃക്കടവൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മാത്രം 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം കൊല്ലം മുനിസിപ്പൽ കോർപ്പറേഷനോട് സംയോജിപ്പിക്കുവാൻ കേരള സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.